മാർച്ച് 29 - ഏപ്രിൽ 4

പാഠം 13

(സമൂഹം)

# സാറായുടെ വിശേഷപൈതൽ

*വേദഭാഗം: ഉല്പത്തി. 18:1-15; 21:1-7, Patriarchs and Prophets pp. 145, 146.*

*മനഃപാഠവാക്യം: "നാം അന്യോന്യം സ്നേഹിക്കുക; സ്നേഹം ദൈവത്തിൽനിന്നുവരുന്നു" (1 യോഹ. 4:7).*

**സന്ദേശം**

"ക്രിസ്തീയ ഭവനങ്ങളിലെ മനുഷ്യർ അന്യോന്യം സ്നേഹിക്കുന്നു"

***നിങ്ങൾക്ക് അതിശയങ്ങൾ ഇഷ്ടമാണോ? സന്തോഷമുള്ളവ? നിങ്ങൾക്ക് ഉണ്ടായതിൽ വച്ച് ഏറ്റവും നല്ല, എന്തെങ്കിലും വിശേഷമായത്. സംഭവിക്കുമെന്ന് നിങ്ങൾ അറിയാതിരുന്ന എന്തെങ്കിലും സംഭവിച്ചത് എപ്പോഴായിരുന്നു? ദൈവം അബ്രഹാമിനും സാറായ്ക്കും വിശേഷമായത് എന്തോ നൽകി... കൂടാതെ സാറാ ചിരിക്കുകയും ചെയ്തു.***

അവന്റെ കൂടാരത്തിന് മുന്നിലുള്ള തണലിൽ അബ്രഹാം നിശ്ശബ്ദനായി ഇരുന്നു. അവിടെ ഭയങ്കര ചൂടായിരുന്നു, പ്രത്യേകിച്ച് അബ്രഹാമിനെപോലെ ഒരു വൃദ്ധന് അവന്റെ മുമ്പിലുള്ള മേച്ചിൽപ്പുറങ്ങളിലേക്ക് അവൻ ഉറ്റുനോക്കി. എന്ത്, 3 പുരുഷന്മാർ അവിടെ നടക്കുന്നു! ഈ ദിവസത്തിന്റെ മദ്ധ്യത്തിൽ അവർ പുറത്തിറങ്ങാൻ വയ്യാത്തവണ്ണം ചൂടായിരുന്നു!

അബ്രഹാം ബദ്ധപ്പെട്ട് എഴുന്നേറ്റ് ആ പുരുഷന്മാരെ അഭിവാദ്യം ചെയ്യാനായി ധൃതിയിൽ പോയി. "എന്നോടൊപ്പം കുറച്ച് നേരം ചിലവഴിക്കുക" അവരുടെ മുമ്പിൽ താണുവണങ്ങി അവൻ പറഞ്ഞു. "നിങ്ങളുടെ പൊടി പിടിച്ച കാലുകൾ കഴുകാൻ ഞാൻ കുറച്ച് വെള്ളം കൊണ്ടുവരീക്കാം. ഞാൻ നിങ്ങൾക്ക് എന്തെങ്കിലും ഭക്ഷിക്കാൻ കൊണ്ടുവരുമ്പോഴേക്കും ഈ വൃക്ഷത്തണലിൽ വിശ്രമിച്ചോളൂ."

"നന്ദി" പുരുഷന്മാർ മറുപടി പറഞ്ഞു. "വിശ്രമിക്കുന്നത് നന്നായിരിക്കും." അബ്രഹാം ധൃതിയിൽ സാറായുടെ അടുക്കലേക്ക് ചെന്ന് കുറച്ച് പുതിയ റൊട്ടിയുണ്ടാക്കാൻ അവളോട് ആവശ്യപ്പെട്ടു. പിന്നീട് അവൻ തന്റെ വേലക്കാരനോട് സന്ദർശകർക്കായി കുറച്ച് ആഹാരം തയ്യാറാക്കാൻ പറഞ്ഞു.

ആഹാരം തയ്യാറായപ്പോൾ അബ്രഹാംതന്നെ അത് വിളമ്പി. ആ മനുഷ്യർ അത് ഭക്ഷിച്ചപ്പോൾ അബ്രഹാം അടുത്തുതന്നെ നിന്നു. പുരുഷന്മാരിൽ ഒരാൾ അബ്രഹാമിനെ തലയുയർത്തി നോക്കി. അബ്രഹാമിന് അപ്പോൾ അത് അറി

യില്ലായിരുന്നു, എന്നാൽ ആ മനുഷ്യൻ ദൈവമായിരുന്നു. "നിന്റെ ഭാര്യ സാറ എവിടെ?" ആ മനുഷ്യൻ ചോദിച്ചു. "അവൾ കൂടാരത്തിലുണ്ട്" അബ്രഹാം മറുപടി പറഞ്ഞു.

അപ്പോൾ ആ മനുഷ്യൻ അബ്രഹാമിനോട് പറഞ്ഞു, "ഞാൻ അടുത്ത വർഷം ഈ സമയത്ത് തിരികെ വരും, അപ്പോഴേക്കും നിന്റെ ഭാര്യക്ക് അവളുടേതായ ഒരു മകനുണ്ടാകും." ആ മനുഷ്യൻ പറയുന്നത് സാറാ കേട്ടു, കൂടാതെ അവൾ ചിരിച്ചു! എനിക്ക് വയസ്സ് 90 ആണ്! അവൾ സ്വയം ചിന്തിച്ചു. ഇത് കുട്ടികൾ ഉണ്ടാകുന്ന പ്രായമല്ല.

അപ്പോൾ ദൈവം അബ്രഹാമിനോട് പറഞ്ഞു, "എന്തിനാണ് സാറാ ചിരിച്ചത്? എന്തുകൊണ്ടാണ് അവൾ പറഞ്ഞത്, "എനിക്ക് കുഞ്ഞുണ്ടാകുന്ന പ്രായമല്ല എന്ന്" ദൈവത്താൽ എന്തെങ്കിലും അസാധ്യമാണോ? അല്ല! അടുത്ത വർഷം ഞാൻ നിന്റെ അടുക്കൽ തിരികെ വരും, കൂടാതെ സാറാ അവളുടെ സ്വന്തം ആൺകുഞ്ഞിനെ അവളുടെ കയ്യിൽ പിടിച്ചിരിക്കുകയായിരിക്കും." സാറാ അവളുടെ വായ്ക്ക് മീതെ കൈവച്ചു. ആ മനുഷ്യന് എപ്രകാരമാണ് എന്റെ ചിന്തകളെ അറിയുവാൻ കഴിയുന്നത്? ഒരു മാർഗ്ഗം മാത്രമേയുള്ളൂ. ആ മനുഷ്യൻ ദൈവമായിരിക്കും! കൂടാതെ ദൈവം വാഗ്ദത്തം ചെയ്തത് സത്യമായി ഭവിച്ചു. സാറായ്ക്ക് ഒരു ആൺകുട്ടി ഉണ്ടായി. അവളുടെ സ്വന്തം ആൺകുഞ്ഞ്! അവൻ ജനിച്ചപ്പോൾ സാറാ അബ്രഹാമിനോട് പറഞ്ഞു, എനിക്ക് ഈ കുഞ്ഞിന് ഇസഹാക് എന്ന് പേരിടേണം, കാരണം അതിന്റെ അർത്ഥം 'അവൻ ചിരിക്കുന്നു' എന്നാണ്. ദൈവം എന്നെ വളരെയധികം സന്തോഷിപ്പിച്ചിരിക്കുന്നു, എനിക്ക് എല്ലാ സമയവും ചിരിക്കണം," അവൾ മനോഹരമായ ഒരു പുഞ്ചിരിയോടെ പറഞ്ഞു." കൂടാതെ ഈ ചരിത്രം കേൾക്കുന്നവരെല്ലാം എന്നോടൊപ്പം ചിരിക്കും. എനിക്ക് കുഞ്ഞുണ്ടാകാവുന്ന പ്രായമായിരുന്നില്ല" സാറാ ആശ്ചര്യപ്പെട്ടു. "എന്നാൽ എന്റെ ദൈവം ഒന്നിനെ എനിക്കു തന്നു! ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ!" അത് സത്യമാണ്! ആ മനുഷ്യൻ പറഞ്ഞത് ശരിയായിരുന്നു. ദൈവത്തിന് ഒന്നും അസാധ്യമല്ല.



## ചെയ്യുക പറയുക

**ശബ്ബത്ത്**

നിങ്ങളുടെ കുടുംബത്തിലുള്ള മനുഷ്യരെ എണ്ണുകയും പേര് പറയുകയും ചെയ്ക. മറ്റുള്ളവരോട് സ്നേഹം കാണിക്കാൻ ഓരോ വ്യക്തിയും ചെയ്യുന്ന രണ്ടോ മൂന്നോ കാര്യങ്ങളുടെ പേര് പറയുവാൻ കുട്ടിയെ സഹായിക്കുക. ഒരു സന്തോഷകരമായ കുടുംബഗാനം പാടുക, പിന്നീട് സ്നേഹമുള്ള ഒരു കുടുംബത്തിനായി ദൈവത്തിന് നന്ദി പറയുക. ആംഗ്യങ്ങൾ ഉപയോഗിച്ച് മനഃപാഠവാക്യം ആവർത്തിക്കുക.

**ഞായർ**

ഉല്പത്തി 18:1–15; 21:1–7–ൽ നിന്ന് ഈ ചരിത്രം ഒരുമിച്ച് വായിക്കുക. ചോദിക്കുക: നിങ്ങളുടെ വീട്ടിൽ ഒരു ഭക്ഷണത്തിനായി ദൈവം വന്നാൽ നിങ്ങൾക്ക് എങ്ങനെ അനുഭവപ്പെടും? അവൾക്ക് ഒരു കുഞ്ഞുണ്ടാകാൻ പോവുകയാണെന്ന് ദൈവം പറഞ്ഞപ്പോൾ സാറാ എവിടെയായിരുന്നു? അപ്പോൾ അവൾ എന്തുകൊണ്ടാണ് ചിരിച്ചത്? ഇസഹാക് ജനിച്ചശേഷം അവൾ എന്തിനാണ് ചിരിച്ചത്? സന്തോഷകരമായ ഒരു കുടുംബ ഗാനം പാടുക, പിന്നീട് നിങ്ങളുടെ കുട്ടി നിങ്ങൾക്ക് നൽകുന്ന സന്തോഷത്തിനായി ദൈവത്തിന് നന്ദി പറയുക.

**തിങ്കൾ**

നിങ്ങളുടെ കുട്ടി നിങ്ങളുടെ കുടുംബത്തിന്റെ ഭാഗമാകുമെന്ന് നിങ്ങൾ അറിഞ്ഞപ്പോൾ നിങ്ങൾക്ക് എന്ത് തോന്നി എന്ന് നിങ്ങളുടെ കുട്ടിയോട് പറയുക. നിങ്ങളുടെ കുഞ്ഞ് ജനിക്കുന്നതിന് മുമ്പും പിമ്പുമുള്ള സന്തോഷകരമായ സമയങ്ങളെക്കുറിച്ച് പറയുക. ഇന്ന് “സന്തോഷകരമായ” എന്തെങ്കിലും ഒരുമിച്ച് ചെയ്യുക. നിങ്ങളുടെ കുട്ടിയോടുമൊത്തുള്ള സന്തോഷകരമായ സമയങ്ങൾക്കായി ദൈവത്തിന് നന്ദി പറയുക.

**ചൊവ്വ**

ഒരു കുടുംബവൃക്ഷം വരയ്ക്കാൻ കുട്ടിയെ സഹായിക്കുക. വല്ല്യപ്പച്ചൻ, വല്ല്യമ്മച്ചി എന്നിവർ അമ്മയുടെ മാതാപിതാക്കളാണ് - അമ്മാവി - അപ്പച്ചന്റെ പെങ്ങളാണ് - മുതലായ കുടുംബ ബന്ധങ്ങൾ വിശദീകരിക്കുക. നിങ്ങൾ ഒരുമിച്ച് സംസാരിക്കുമ്പോൾ കുട്ടിയുടെ അറിവിലേക്കായി ചില കുടുംബ ഫോട്ടോകൾ കാണിക്കുക. മറ്റ് കുടുംബാംഗങ്ങൾക്കായി ദൈവത്തിന് നന്ദി പറയുക.

**ബുധൻ**

ലഭ്യമെങ്കിൽ, കുട്ടിയുടെ വളർച്ചയെ സംബന്ധിക്കുന്ന പുസ്തകമോ ഫോട്ടോകളോ പുറത്തെടുക്കുക. ആ കുട്ടി എങ്ങനെയാണ് നിങ്ങളുടെ കുടുംബത്തെ വിശേഷതയുള്ളതാക്കുന്നതെന്ന് പറയുക. ഇസഹാക് കുഞ്ഞിനായി അബ്രഹാമും സാറായും എപ്രകാരം നോക്കിപ്പാർത്തിരുന്നെന്നും

അവനായി എങ്ങനെ കരുതിയെന്നും പറയുക. നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കരുതുന്ന വിധങ്ങൾ പറയാൻ കുട്ടിയെ സഹായിക്കുക.

**വ്യാഴം**

ഇന്ന് നിങ്ങളുടെ കുടുംബത്തിലുള്ള ആരോടെങ്കിലും പ്രത്യേക സ്നേഹം കാണിക്കാൻ എന്തെങ്കിലും പദ്ധതി ഇടുകയോ ചെയ്യുകയോ ചെയ്യാൻ കുട്ടിയെ സഹായിക്കുക (സഹോദരങ്ങളുടെ മുറി വൃത്തിയാക്കുക, പറയാതെ തന്നെ കളിപ്പാട്ടങ്ങൾ അടുക്കിവെക്കുക മുതലായവ) നിങ്ങളുടെ കുടുംബത്തിലുള്ള എല്ലാവർക്കും ഒരു പുഞ്ചിരി സമ്മാനിക്കാൻ കുട്ടിയെ ഓർപ്പിക്കുക.

**വെള്ളി**

കുടുംബഹത്തിലെ ഓരോരുത്തരുടെയും പേര് പറഞ്ഞ് കുടുംബാരാധന സമയത്ത് “with Jesus in th family” പാടുക. ഒടുവിൽ ഒരു കുടുംബ ആലിംഗനം നടത്തുക. ഒരുമിച്ച് മനഃപാഠവാക്യം പറയുക, പിന്നീട് കുടുംബത്തിലെ ഓരോ അംഗത്തിനുമായി ദൈവത്തിന് നന്ദി പറയുക. യേശു വീണ്ടും വരുമ്പോൾ മനുഷ്യർ കാണാൻ പോകുന്ന ഇടിമിന്നലിനെ വർണ്ണിക്കുക. കിഴക്ക് ദിക്ക് കണ്ടുപിടിക്കാൻ കുട്ടിയെ സഹായിക്കുക. യേശു വരുമ്പോൾ കിഴക്കുദിക്കുന്ന മേഘത്തെക്കുറിച്ച് പറയുക. “God is so good” പാടുക (Little Voices Praise Him. No. 88). അവൻ വരുമ്പോൾ നിങ്ങൾ എല്ലാവരും തയ്യാറായിരിക്കാനായി പ്രാർത്ഥിക്കുക.

**വെള്ളി**

ബൈബിൾ കഥ കുടുംബം അഭിനയിക്കട്ടെ. ലൈറ്റുകൾ അണയ്ക്കുക, പിന്നീട് യേശു വരുമ്പോഴുണ്ടാകുന്ന പ്രകാശം കാണിക്കാൻ ലൈറ്റുകൾ ഇടുക. യേശുവിന്റെ ഭാഗം അഭിനയിക്കുന്ന ആളിന്റ മുഖത്തേക്ക് ആർക്കെങ്കിലും ഒരു ടോർച്ച് പ്രകാശിപ്പിക്കാം. കാഹളനാദത്തിനായി പാത്രങ്ങളുടെ അടപ്പുകൾ കൂട്ടിമുട്ടിക്കുക. “യേശു വീണ്ടും വരുന്നു” പാടുക, പിന്നട് അവന്റെ വരവിനായുള്ള വാഗ്ദത്തത്തിനായി അവന് നന്ദി പറയുക.

Published by Sabbath School & Personal Ministries, South West India Union of Seventh-day Adventists, Evergreen Lane, Moospet Road, Thrissur - 680 005.
Ph: 0487-2440341, 2440343 and typesetting at NISHA MENON, TCR.
Ph: 9747039169 and Printed at Ebenezer Printers, Thrissur. Ph:0487 - 2361892